# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4270 | 13/12/2018-ൽ മറുപടിക്ക്

### കണ്ണൂർ ജില്ലയിലെ മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾ

| | ചോദ്യം<br>**ശ്രീ.കെ.സി.ജോസഫ്** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിൽ ഏതെല്ലാം മിനിഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾ നടപ്പിലാക്കുന്ന കാര്യമാണ് ഗവൺമെന്റിന്റെ പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ ; | (എ) | കണ്ണൂർ ജില്ലയിൽ 7.5 മെഗാവാട്ടിന്റെ പഴശ്ശിസാഗർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ പുരോഗമിക്കുന്നു. കൂടാതെ ചെറുകിട ജലവൈദ്യുത പദ്ധതികളായ മുരിക്കടവ്, കണ്ണൻവയൽ, മുക്കട്ടതോട്, ബാരാപ്പോൾ സ്റ്റേജ്-2 എന്നീ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ വിവിധ ഘട്ടത്തിലാണ്. |
| (ബി) | ഇരിക്കൂർ നിയോജകണ്ഡത്തിലെ വഞ്ചിയത്ത് പ്രാഥമിക പ്രവൃത്തി ആരംഭിച്ച പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (ബി) | ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 3 മെഗാവാട്ടിന്റെ വാഞ്ചിയം ചെറുകിട ജലവൈദ്യുത പദ്ധതി സ്വകാര്യ സംരംഭകർ വഴി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 09.06.1993 – ൽ M/s.ഐഡിയൽ പ്രോജക്ട്സ് &സർവ്വീസസ് ലിമിറ്റഡ് എന്ന കമ്പനിയ്ക്കാണ് നൽകിയിരുന്നത്. കരാർ കമ്പനി സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാത്തതിനാൽ 05.09.1997-ൽ കരാർ റദ്ദാക്കിയിരുന്നു. പദ്ധതിയ്ക്ക് ആവശ്യമായ സ്വകാര്യ ഭൂമി M/s.ഐഡിയൽ പ്രോജക്ട്സ് & സർവ്വീസസ് ലിമിറ്റഡ് ഏറ്റെടുത്തതിനാൽ ടി സ്ഥലം ഒഴിവാക്കി പദ്ധതിയ്ക്ക് പുതുക്കിയ രൂപരേഖ തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിന്റെ പ്രവൃത്തി ഏറ്റെടുത്ത ഐഡിയൽ ഇലക്ട്രിക് കമ്പനിയെ ഒഴിവാക്കിയിട്ടുണ്ടോ ; പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | M/s.ഐഡിയൽ പ്രോജക്ട്സ് & സർവ്വീസസ് ലിമിറ്റഡ് എന്ന കമ്പനിയെ ഒഴിവാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പദ്ധതി കെ.എസ്.ഐ.ഡി.സി മുഖേന നടപ്പിലാക്കുവാനാണ് ഇപ്പോൾ കെ.എസ്.ഇ.ബി ലിമിറ്റഡ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ